13759
13/8/19

"ഭരണഭാഷ - മാതൃഭാഷ"

നമ്പർ. എ4/117/2019.

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
പത്തനംതിട്ട, തിരുവല്ല. തീയതി 25.07.2019.
ഫോൺ : 0469 – 2600181.
ddepathanamthitta@gmail.com

## അപ്പെൻഡിക്സ് എച്ച്.4
## നോട്ടീസ്

ശ്രീ. എം.കെ. ശിവകുമാർ, പ്രൈമറി അദ്ധ്യാപകൻ, പുറമറ്റം ഗവൺമെന്റ് എച്ച്.എസ് എന്നയാളെ അറിയിക്കുന്നതെന്തന്നാൽ 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി താങ്കൾക്കെതിരെ എടുക്കാതിരിക്കാൻ കാരണം കാണിക്കുന്ന താങ്കളുടെ എതിർവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള ചാർജ്ജ് മെമ്മോ 21.03.2019 തീയതിയിലെ എ4/117/2019 നമ്പർ പ്രകാരം 08.04.2019 തീയതിയിൽ താങ്കളുടെ ലഭ്യമായ മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ പ്രസ്തുത ചാർജ്ജ് മെമ്മോ കൈപ്പറ്റാതെ പോസ്റ്റൽ അധികാരികൾ മടക്കിയിട്ടുള്ളതാണ്. ആയതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ എതിർവാദ പത്രികയോ മറ്റ് വിശദീകരണമോ ലഭിക്കാത്ത പക്ഷം താങ്കൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണത്തിന്റെ പൂർണ്ണരൂപം നിശ്ചിത കാലാവധിയ്ക്ക് മുൻപ് വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, പത്തനംതിട്ട, തിരുവല്ലയിൽ നിന്നും ആഫീസ് പ്രവൃത്തി സമയങ്ങളിലോ അല്ലെങ്കിൽ ആയത് അയയ്ക്കേണ്ടതായ താങ്കളുടെ മേൽവിലാസം നൽകിക്കൊണ്ട് താങ്കൾ നൽകുന്ന അപേക്ഷയിന്മേലോ താങ്കൾക്ക് വാങ്ങാവുന്നതാണ്.

വിദ്യാഭ്യാസ ഉപഡയറക്ടർ
പത്തനംതിട്ട, തിരുവല്ല.

സ്വീകർത്താവ്:-
ശ്രീ. എം.കെ. ശിവകുമാർ,
പ്രൈമറി അദ്ധ്യാപകൻ,
ജി.എച്ച്.എസ് പുറമറ്റം

എസ്./-

"ഭരണഭാഷ - മാതൃഭാഷ"

രജിസ്റ്റേർഡ് തപാലിൽ മടക്ക രസീതി സഹിതം

നമ്പർ. എ4/117/2019.

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
പത്തനംതിട്ട, തിരുവല്ല. തീയതി 21.03.2019.
ഫോൺ : 0469 – 2600181.
ddepathanamthitta@gmail.com

# കുറ്റാരോപണ മെമ്മോ

പുറമറ്റം ഗവൺമെന്റ് എച്ച്.എസ്-ലെ പ്രൈമറി അദ്ധ്യാപകനായ ശ്രീ. എം.കെ. ശിവകുമാർ എന്ന താങ്കൾക്കെതിരെയുള്ള ചാർജ്ജ് മെമ്മോ.

ശ്രീ. എം.കെ. ശിവകുമാർ എന്ന താങ്കൾ പുറമറ്റം ഗവൺമെന്റ് എച്ച്.എസ്-ൽ പ്രൈമറി അദ്ധ്യാപകനായി ജോലി നോക്കി വരവെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എസ്.സി(1)/50026/13/ഡി.പി.ഐ നമ്പർ 19.07.2013 തീയതിയിലെ നടപടി ഉത്തരവ് പ്രകാരം 01.08.2013 മുതൽ, അല്ലെങ്കിൽ അവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 5 വർഷ ത്തേയ്ക്ക്, കെ.എസ്.ആർ പാർട്ട്. 1, അപ്പെന്റിക്സ്. XIIഎ പ്രകാരം താങ്കൾക്ക് ശൂന്യവേത നാവധി അനുവദിച്ച് ഉത്തരവായതിനെ തുടർന്ന് അവധിയിൽ പ്രവേശിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ താങ്കൾ 14.09.2013 മുതൽ അവധിയിൽ പ്രവേശിക്കുകയു ണ്ടായി. അവധി കാലയളവിന് ശേഷം താങ്കൾ 14.09.2018 തീയതി മുതൽ ജോലിയിൽ തിരികെ പ്രവേശിച്ചിട്ടുള്ളതല്ല.

താങ്കൾ കെ.എസ്.ആർ പാർട്ട്. 1, അപ്പെന്റിക്സ്. XII എ പ്രകാരം 14.09.2018 മുതൽ 5 വർഷത്തേയ്ക്കുള്ള അവധി അപേക്ഷ സമർപ്പിച്ചത് 12.09.2018-ൽ മാത്രമാണ് എന്ന് സ്കൂൾ പ്രഥമാദ്ധ്യാപിക 15.10.2018 തീയതിയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ഈ ആഫീസിലെ പുറത്തെഴുത്ത് നമ്പർ എ3/ഉ.തീ/13203/18, തീയതി. 18.09.2018 പ്രകാരം അപേ ക്ഷയിലെ പിഴവുകൾ പരിഹരിച്ച് നൽകാൻ നിർദ്ദേശിച്ചു കൊണ്ട് അപേക്ഷ തിരികെ നൽകിയിട്ടുള്ളതാണ്.

ആയത് 27.09.2018 തീയതിയിൽ താങ്കളുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി യിരിക്കുന്ന മേൽവിലാസത്തിൽ അയച്ചു നൽകിയെങ്കിലും കൈപ്പറ്റാതെ തിരികെ വന്നു എന്നും താങ്കൾ രാജ്യം വിട്ടുപോയിട്ടുണ്ടോ അതോ നാട്ടിൽ തന്നെയാണോ എന്നത് സംബന്ധിച്ച് യാതൊരു വിവരവും ലഭ്യമല്ല എന്നും 15.10.2018 തീയതിയിലെ റിപ്പോർട്ടിൽ പ്രഥമാദ്ധ്യാപിക ബോധിപ്പിച്ചിട്ടുള്ളതാണ്.

താങ്കൾക്ക് അവധി അനുവദിച്ചുകൊണ്ടുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ മേൽ സൂചിപ്പിച്ച ഉത്തരവിൽ പരാമർശിച്ചിട്ടുള്ള അവധി കാലയളവിന് ശേഷം ജോലിയിൽ തിരികെ പ്രവേശിക്കുന്നില്ല എങ്കിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതാണ് എന്ന് പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്.

ഇതിൽ നിന്നും താങ്കൾക്ക് കെ.എസ്.ആർ പാർട്ട്. 1 അപ്പെന്റിക്സ്. XIIഎ പ്രകാരം അനുവദിച്ച അവധി കാലയളവിന് ശേഷം 14.09.2018 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതായി ബോദ്ധ്യപ്പെട്ടിരിക്കുന്നു.

ആയതിനാൽ താങ്കൾക്കെതിരെ 1960-ലെ സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണം ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കാൻ താങ്കളോട് ആവശ്യപ്പെടുന്നു.

താങ്കൾക്ക് പ്രതിവാദ പത്രിക നൽകുന്നതിനായി ഈ മെമ്മോ ലഭിച്ച തീയതി മുതൽ 15 ദിവസം അനുവദിക്കുന്നു. നിർദ്ദേശിച്ച സമയത്തിനുള്ളിൽ താങ്കളുടെ പത്രിക ലഭിക്കുന്നില്ല എങ്കിൽ താങ്കൾക്ക് യാതൊരു വിശദീകരണവും നൽകുവാനില്ല എന്ന അനുമാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

താങ്കളെ നേരിട്ട് കേൾക്കുവാൻ ആഗ്രഹിക്കുന്നുവോ എന്നുകൂടി അറിയിക്കാൻ താങ്കളോട് ആവശ്യപ്പെടുന്നു. ആരോപണം സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള പ്രസക്ത റിക്കോർഡുകൾ നോക്കാവുന്നതും അപ്രകാരം ആഗ്രഹിക്കുന്നുവെങ്കിൽ താങ്കളുടെ അപേക്ഷയിന്മേൽ മുൻകൂട്ടി നിശ്ചയിച്ച താങ്കളുടെ പത്രിക സമർപ്പിക്കേണ്ട അവസാന തീയതിക്ക് മുൻപുള്ള ഏതെങ്കിലും ദിവസം വിദ്യാഭ്യാസ ഉപഡയറക്ടറുടെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ സാന്നിദ്ധ്യത്തിൽ അവയിൽ നിന്നും ഉദ്ധാരണങ്ങൾ എഴുതിയെടുക്കാവുന്നതുമാണ്.

മേൽ കൊടുത്തിട്ടുള്ള ചാർജ്ജുകളെ അടിസ്ഥാനമാക്കിയുള്ള ആരോപണങ്ങൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ചേർത്തിരിക്കുന്നു.

വിദ്യാഭ്യാസ ഉപഡയറക്ടർ
പത്തനംതിട്ട, തിരുവല്ല.

എസ്./-

"ഭരണഭാഷ - മാതൃഭാഷ"

നമ്പർ. എ4/117/2019.

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
പത്തനംതിട്ട, തിരുവല്ല. തീയതി 21.03.2019.
ഫോൺ : 0469 – 2600181.
ddepathanamthitta@gmail.com

## ആരോപണ പത്രിക

പുറമറ്റം ഗവൺമെന്റ് എച്ച്.എസ്-ലെ പ്രൈമറി അദ്ധ്യാപകനായ ശ്രീ. എം.കെ ശിവകുമാർ എന്ന താങ്കൾ കെ.എസ്.ആർ പാർട്ട്. 1 അപ്പെന്റിക്സ്. XIIഎ പ്രകാരം താങ്കൾക്ക് അനുവദിച്ചിരുന്ന ശൂന്യവേതനാവധി കാലയളവിന് ശേഷം 14.09.2018 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു.

വിദ്യാഭ്യാസ ഉപഡയറക്ടർ
പത്തനംതിട്ട, തിരുവല്ല.

സ്വീകർത്താവ്:-

1. ശ്രീ. എം.കെ. ശിവകുമാർ,
പ്രൈമറി അദ്ധ്യാപകൻ,
ജി.എച്ച്.എസ് പുറമറ്റം
(Sankar Nivas,
Pattathanam P.O,
Kollam – 691 021.) } ഹെഡ്മാസ്റ്റർ മുഖേന.

പകർപ്പ്:-
ഹെഡ്മാസ്റ്റർ,
ജി.എച്ച്.എസ് പുറമറ്റം. } ചാർജ്ജ് മെമ്മോയുടെ രണ്ട് പകർപ്പ് ശ്രീ. എം.കെ. ശിവകുമാറിന്റെ മേൽ വിലാസത്തിൽ രജിസ്റ്റേർഡ് എ/ഡി ആയി നൽകേണ്ടതും കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതുമാണ്.

എസ്./-